## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### നീർത്തട പരിപാലന പദ്ധതികൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7330 — 14.07.2014 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം |
|---|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്ന നീർത്തട പരിപാലന പദ്ധതികൾ ഏതൊക്കെയാണെന്നും ഇവ ഏതൊക്കെ ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; പദ്ധതി നിർവ്വഹണത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തിൽ ഇപ്പോൾ ഗ്രാമവികസന വകുപ്പ് മുഖാന്തിരം സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) യാണ് നടപ്പിലാക്കി വരുന്നത്. IWMP നടപ്പിലാക്കി വരുന്ന ബ്ലോക്കുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. പദ്ധതി നിർവ്വഹണം സുഗമമായി നടത്തുന്നതിന് സംസ്ഥാന സർക്കാർ താഴെപ്പറയുന്ന മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. സംയോജിത നീർത്തട പരിപാലന പരിപാടി പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ.<br>2. സംയോജിത നീർത്തട പരിപാലന പരിപാടി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ.<br>3. ദരിദ്രകുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ.<br>4. ഉല്പാദന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖ.<br>5. പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ. |
| (ബി) | നീർത്തട പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനുള്ള വിശദപദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷനുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതിനായി കേന്ദ്രസർക്കാരിൽ ,നിന്നും എത്ര തുക ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ ; | (സി) | കേന്ദ്രസർക്കാരിൽ നിന്നും 29.59 കോടി രൂപ ലഭിച്ചതിൽ 20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ കണക്ക് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തിന്റെ അഭാവം പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നു. അനുബന്ധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 23.05.2014 ൽ ചേർന്ന SLNA യോഗം തീരുമാനമെടുക്കുകയും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (ഇ) | ഉണ്ടെങ്കിൽ ഇവ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഇ) | |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ